കേരള സർക്കാർ

സംഗ്രഹം

ന്യൂനപക്ഷക്ഷേമ വകുപ്പ് - മുസ്ലീം യുവജനതയ്ക്കായുള്ള വിവിധ പരിശീലന കേന്ദ്രങ്ങളിൽ വിവിധ തസ്തികകൾ സൃഷ്ടിച്ചും അദ്ധ്യാപകർക്ക് ഹോണറേറിയം മാത്രം നൽകിക്കൊണ്ട് സബ്സെന്ററുകൾ ആരംഭിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്

**സ.ഉ.(കൈ):395/12/പൊതു ഭരണ വകുപ്പ്** **തിരുവനന്തപുരം, 31.12.2012**

---

പരാമർശം: (1). 16.02.2012- ലെ സ.ഉ(കൈ) നമ്പർ 33/2012/പൊഭവ.
(2). 17.09.2012 ലെ സ.ഉ(കൈ) നമ്പർ 237/2012/പൊഭവ.
(3). ന്യൂനപക്ഷക്ഷേമ വകുപ്പ ഡയറക്ടറുടെ 5.6.2012, 11.10.2012- ലെ 848/എ.ഡി/12/എം.ഡബ്യൂ.ഡി നമ്പർ കത്ത്.

### ഉത്തരവ്

സൂചന - 2 ലെ സർക്കാർ ഉത്തരവ് പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ നിലവിലില്ലാത്ത വയനാട്, തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിലും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലും കൂടി ഓരോ പരിശീലന കേന്ദ്രം ആരംഭിക്കാൻ ഭരണാനുമതി നൽകി ഉത്തരവായി. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ സൂചന - 2 ലെ സർക്കാർ ഉത്തരവിൽ പറയുന്ന ഉപാധികൾക്ക് വിധേയമായി ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഭരണാനുമതി നൽകി. ഈ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ നൽകുവാൻ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. സൂചന - 1 പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പത്തനംതിട്ട ജില്ലയിലെ പരിശീലന കേന്ദ്രത്തിൽ തസ്തിക സൃഷ്ടിച്ചിരുന്നില്ല.

സൂചന - 3 ലെ കത്ത് പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചു. നിലവിലുള്ള കോച്ചിംഗ് സെന്ററിൽ നിലനിൽക്കുന്ന മാതൃകയിൽ ഓരോ പുതിയ കോച്ചിംഗ് സെന്ററിനും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്ന് പരാമർശം -3 പ്രകാരം ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.

| *തസ്തികകളുടെ പേര്* | *ശമ്പള സ്കെയിൽ* |
|---|---|
| പ്രിൻസിപ്പാൾ | 25,000/- *(പ്രതിമാസം സമാഹൃത ശമ്പളം)* |
| കംമ്പ്യൂട്ടർ ഓപ്പറേറ്റർ | 11620-20240 |
| ക്ലാർക്ക് | 9190-15780 |
| ഓഫീസ് അറ്റന്റന്റ് | 8500-13210 |
| കാഷ്യൽ സ്വീപ്പർ | 3500/- *(സമാഹൃത ശമ്പളം)* |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ വയനാട്, തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലും മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ താഴെ പരാമർശിച്ചിരിക്കുന്ന തസ്തികകൾ ഓരോന്ന് വീതം ഓരോ കോച്ചിംഗ് സെന്ററിലും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തികകളുടെ പേര് | ശമ്പള സ്കെയിൽ |
|---|---|
| പ്രിൻസിപ്പാൾ | 25,000/- (പ്രതിമാസം സമാഹൃത ശമ്പളം) |
| കംമ്പ്യൂട്ടർ ഓപ്പറേറ്റർ | 11620-20240 |
| ക്ലാർക്ക് | 9190-15780 |
| ഓഫീസ് അറ്റന്റന്റ് | 8500-13210 |
| കാഷ്യൽ സ്വീപ്പർ | 3500/- (സമാഹൃത ശമ്പളം) |

അദ്ധ്യാപകർക്ക് ഹോണറേറിയം മാത്രം നൽകിക്കൊണ്ട് പരാമർശം - 2 ഉത്തരവിലെ വ്യവസ്ഥൾക്ക് വിധേയമായി ആവശ്യമായ പരിശോധനകൾക്കും വിലയിരുത്തലുകൾക്കും ശേഷം തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സബ് സെന്ററുകൾ ആരംഭിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ഈയിനത്തിലുള്ള ചെലവുകൾ '2225-03-800-93-34-മറ്റു ചെലവുകൾ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.ആർ. ജ്യോതിലാൽ**

**സെക്രട്ടറി**

1. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, വികാസ്ഭവൻ, 4-ാം നില, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർമാർക്കും.
5. ധനകാര്യ വകുപ്പ് *(vide U.O(N)No. 108873/WM1/12/Fin. dated Fin. dated 31.12.12)*
6. പൊതുഭരണ (SC) വകുപ്പ് *(Vide item No. 2755 dated 12.12.2012).*
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:1) നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2) പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.